**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 25

# വാർത്താക്കുറിപ്പ്

---

## 'ഗവേഷണഫലങ്ങൾ സമൂഹ നന്മക്കായി ഉപയോഗപ്പെടുത്തണം'

സർവ്വകലാശാലകളിൽ നടക്കുന്ന അക്കാദമിക ഗവേഷണങ്ങളുടെ ഫലങ്ങൾ സമൂഹനന്മക്കായി ഉപയോഗപ്പെടുത്തണമെന്ന എം.ജി. സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ പ്രൊഫ. ഡോ. സി.റ്റി. അരവിന്ദ കുമാർ പറഞ്ഞു.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിലെ ഡിസെബിലിറ്റി സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഡോ. കെ.എം മുസ്തഫയുടെ മേൽനോട്ടത്തിൽ സയന സണ്ണി, മഞ്ജു റോസ് ടോം എന്നിവർ നടത്തിയ ഹ്രസ്വകാല ഗവേഷണ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ' കരുതൽ ' എന്ന പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭിന്നശേഷി വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന വിവിധ  പദ്ധതികളെക്കുറിച്ചും ഡിസെബിലിറ്റി മേഖലയിലെ വിവിധ നിയമങ്ങളെക്കുറിച്ചും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും അവരുടെ രക്ഷിതാക്കൾക്കുമുള്ള അവബോധവും പദ്ധതികളുടെ ഗുണഫലവുമെന്ന വിഷയത്തിലാണ് ഡിസെബിലിറ്റി സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുദ പ്രോഗ്രാമിന്റെ പ്രഥമ ബാച്ച് വിദ്യാർത്ഥികളായ സയന സണ്ണിയും മഞ്ജു ജോസ് ടോമും ഗവേഷണം നടത്തിയത്.  ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സേവനങ്ങൾ, ആനുകൂല്യങ്ങൾ അവ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പണം ബന്ധപ്പെട്ട രേഖകൾ എന്നിവ ഉൾപ്പെടുത്തിയ ' കരുതൽ ' എന്ന കൈപ്പുസ്തകം എല്ലാ സോഷ്യൽ വർക്ക് പ്രൊഫഷണലുകൾക്കും ഭിന്നശേഷി വിഭാഗങ്ങൾക്കും അവരുടെ രക്ഷിതാക്കൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർ, സന്നദ്ധ സംഘടനകൾ എന്നിവർക്കും ഏറെ ഉപകാരപ്രദമാകുമെന്ന് ഗവേഷണത്തിന് മേൽനോട്ടം വഹിച്ച ഡോ. കെ.എം. മുസ്തഫ പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്:** പുസ്തക പ്രകാശന ച്ചടങ്ങിൽ പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി.അരവിന്ദകുമാർ, ച്ച ഡോ. കെ.എം. മുസ്തഫ,സയന സണ്ണി, മഞ്ജു ജോസ് ടോo എന്നിവർ.

(പി.ആർ.ഒ./39/218/2022)

## പ്രോഗ്രാം കോ-ഓർഡിനേറ്റർ - കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) പ്രോഗ്രാം കോ-ഓർഡിനേറ്ററായി കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു.

സർവ്വകലാശാലയിലോ അഫിലിയേറ്റഡ് കോളേജുകളിലോ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ കുറയാത്ത പദവിയിൽ ജോലി ചെയ്തിരുന്നവരും എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായി ചുരുങ്ങിയത്

ഓറിയന്റേഷൻ സെന്റർ അല്ലെങ്കിൽ ട്രെയിനിംഗ് ഓറിയന്റേഷൻ ആന്റ് റിസർച്ച് സെന്ററിൽ നിന്ന് എൻ.എസ്.എസ്. ഓറിയന്റേഷൻ പൂർത്തിയാക്കിയിരിക്കുകയും വേണം. നിലവിലുള്ള ഒഴിവ് ഓപ്പൺ വിഭാഗത്തിനായുള്ളതാണ്. അപേക്ഷകരുടെ പ്രായം 2022, ജനുവരി ഒന്നിന് 62 വയസ് കവിയരുത്. നിയമിതരാകുന്നവർക്ക് പ്രതിമാസം 50,000 രൂപ നിരക്കിൽ പ്രതിഫലം ലഭിക്കും. പ്രവർത്തന മികവിന്്റെ അടിസ്ഥാനത്തിൽ ഒന്നു മുതൽ മൂന്ന് വർഷം വരെയായിരിക്കും നിയമന കാലാവധി.

അപേക്ഷാഫോറവും വിശദവിവരങ്ങളും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560 എന്ന വിലാസത്തിൽ മാർച്ച് അഞ്ചിന് വൈകിട്ട് അഞ്ച് മണി വരെ അപേക്ഷകൾ സ്വീകരിക്കും.

(പി.ആർ.ഒ./39/219/2022)

## സ്റ്റുഡൻറ്സ് സർവ്വീസ് ഡയറക്ടർ - കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്റ്റുഡൻസ് സർവ്വീസ് ഡയറക്ടറായി കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ ഒന്നു മുതൽ മൂന്ന് വർഷം വരെയായിരിക്കും നിയമന കാലാവധി.

ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദവും സർവ്വകലാശാലയിലോ അഫിലിയേറ്റഡ് കോളേജുകളിലോ ചുരുങ്ങിയത് ഏഴു വർഷത്തെ അധ്യാപന പരിചയവും ഉള്ളവരുമായിരിക്കണം അപേക്ഷകർ. കൂടാതെ, അംഗീകൃത സ്റ്റുഡൻസ് സർവ്വീസ് പരിപാടികൾ നടത്തി പരിചയവുമുണ്ടായിരിക്കണം. നിലവിലുള്ള ഒഴിവ് ഓപ്പൺ വിഭാഗത്തിനായുള്ളതാണ്. അപേക്ഷകരുടെ പ്രായം 2022, ജനുവരി ഒന്നിന് 62 വയസ് കവിയരുത്. നിയമിതരാകുന്നവർക്ക് പ്രതിമാസം 50,000 രൂപ നിരക്കിൽ പ്രതിഫലം ലഭിക്കും.

അപേക്ഷാഫോറവും വിശദവിവരങ്ങളും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560 എന്ന വിലാസത്തിൽ മാർച്ച് അഞ്ചിന് വൈകിട്ട് അഞ്ച് മണി വരെ അപേക്ഷകൾ സ്വീകരിക്കും.

(പി.ആർ.ഒ./39/220/2022)

## പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി

2021 മാർച്ചിൽ നടന്ന ഒന്ന് മുതൽ ആറ് വരെ സെമസ്റ്റർ ബി.സി.എ. (അദാലത്ത് - 2018 സ്പെഷ്യൽ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി പരീക്ഷകൾ മാർച്ച് മൂന്നിന് കോന്നി, എസ്.എ.എസ്. എസ്.എൻ.ഡി.പി. യോഗം കോളേജിൽ നടക്കും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/221/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്ന്, നാല് വർഷ ബി.എഫ്.എ. മാർച്ച് - 2022 ന്റെ പ്രായോഗിക പരീക്ഷകൾ മാർച്ച് രണ്ട് മുതൽ 26 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/222/2022)

## പരീക്ഷാ ഫലം

2021 ആഗസ്റ്റിൽ നടന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ - എൽ.എൽ.ബി. (ഓണേഴ്സ്) (2017 അഡ്മിഷൻ - റെഗുലർ / 2016 അഡ്മിഷൻ - സപ്ലിമെന്ററി ) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച രേഖകൾ സഹിതം മാർച്ച് 14 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭ്യമാക്കണം'.

(പി.ആർ.ഒ./39/223/2022)

2021 ജൂലൈ മാസത്തിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ. / ബി.എസ്.സി. / ബി.കോം. (സി.ബി.സി.എസ്. - മോഡൽ I, II, III - 2019 അഡ്മിഷൻ - റെഗുലർ) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ ഫീസടച്ച് മാർച്ച് 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/224/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ